## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

04.04.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 6812

## മത്സ്യബന്ധനവുമായി ബന്ധപ്പെട്ടുള്ള കേന്ദ്ര ഫണ്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഒ. രാജഗോപാൽ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ആഴക്കടൽ മത്സ്യബന്ധന ഉൽപ്പാദന പദ്ധതിയുടെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്ന് 2014-15 ലും 2015-16 ലും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച വിഹിതം എത്രയാണ്; 2016-17 ലും 2017-18 ലും കേന്ദ്രത്തിൽ നിന്ന് ധനസഹായം ലഭിച്ചുവോ; വ്യക്തമാക്കാമോ; | (എ) | 500 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ അനുവദിക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ നീല വിപ്ലവം എന്ന പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സർക്കിലേയ്ക്ക് നൽകിയിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധന പദ്ധതിയ്ക്കായി തുകയൊന്നും ലഭ്യമായിട്ടില്ല. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള വിവരശേഖരണത്തിന് 2014-15 മുതൽ 2017-18 വരെ കേന്ദ്രത്തിൽ നിന്ന് വിഹിതമായി എത്ര രൂപയാണ് ലഭിച്ചത്; | (ബി) | മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള വിവരശേഖരണം (സ്ട്രെങ്ത്തനിംഗ് ഓഫ് ഡാറ്റാ ബേസ് ആന്റ് ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഫോർ ഫിഷറീസ് സെകുർ) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 2014-15, 2015-16 വർഷങ്ങളിൽ ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2016-17, 2017-18 വർഷങ്ങളിൽ പ്രസ്തുത പദ്ധതിയിൽ കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ല.<br><br>വർഷം — ലഭിച്ച തുക (ലക്ഷത്തിൽ)<br>2014-15 — 34.36<br>2015-16 — 35.36 |
| (സി) | സംസ്ഥാനത്തെ വിവിധ മത്സ്യബന്ധന തുറമുഖ വികസനത്തിന്റെ ഭാഗമായി 2014-15 മുതൽ 2017-18 വരെ എത്ര രൂപയാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചത്;വ്യക്തമാക്കുമോ ? | (സി) | സംസ്ഥാനത്തെ വിവിധ മത്സ്യബന്ധന തുറമുഖ വികസനത്തിന്റെ ഭാഗമായി 2014-15 മുതൽ 2017-18 വരെ 58.40 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടു ണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | പ്രോജക്ടിന്റെ പേര് | 2014-15 | 2015-16 | 2016-17 | 2017-18 | ആകെ |
|---|---|---|---|---|---|---|
| 1 | ഫിഷിംഗ് ഹാർബർ, കൊയിലാ ണ്ടി | 250 | 200 | | | 450 |
| 2 | ഫിഷിംഗ് ഹാർബർ, തലായ് | 250 | 200 | 689.75 | | 1139.75 |
| 3 | ഫിഷിംഗ് ഹാർബർ, ചെറുവത്തൂർ | 50 | 400 | | | 450 |
| 4 | ഫിഷിംഗ് ഹാർബർ, ചേറ്റുവ | 133 | 200 | 468 | | 801 |
| 5 | ഫിഷിംഗ് ഹാർബർ,താനൂർ | 350 | 900 | | | 1250 |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഫിഷിംഗ് ഹാർബർ, വെള്ളയിൽ | 350 | 600 | | | 950 |
| 7 | ഫിഷിംഗ് ഹാർബർ, ആർത്തുങ്കൽ | 350 | 400 | | | 750 |
| 8 | ഫിഷ് ലാന്റിംഗ് സെന്റർ, മുനക്കാക്കടവ് | 50 | | | | 50 |
| 9 | ഫിഷിംഗ് ഹാർബർ, മഞ്ചേശ്വരം | | | | | 0 |
| | ആകെ | 1783 | 2900 | 1157.75 | 0 | 5840.75 |

നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 119.50 കോടി രൂപയുടെ കേന്ദ്ര വിഹിതം ഇനിയും ലഭിക്കാനുണ്ട്. അതിൽ തന്നെ 84.65 കോടി രൂപ സംസ്ഥാന സർക്കാർ മുൻകൂറായി ചെലവഴിച്ച് കഴിഞ്ഞതാണ്.

സെക്ഷൻ ഓഫീസർ